# കൈത്താക്കാലം
## വചന വിചിന്തനം
## കൈത്താക്കാലം ആറാം ഞായർ
### ലൂക്കാ 18,1-8

ന്യായാധിപന്റെ അടിസ്ഥാനപരമായ നന്മ
അദ്ദേഹം നീതിമാനായിരിക്കുക എന്നതാണ്.
എങ്കിലും, നീതിരഹിതനായ ന്യായാധിപനെ
വിധവ തോൽപ്പിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം,
വിധവയുടെ സ്ഥിരോത്സാഹം മാത്രമാണ്!

ഒരു പട്ടണത്തിൽ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ഒരുന്യായാധിപനും ഒരു വിധവയും ഉണ്ടായിരുന്നു. അവൾ വന്ന് ന്യായാധിപനോട്, എതിരാളിക്കെതിരേ എനിക്കു നീതി നടത്തിത്തരണമേ എന്നപേക്ഷിക്കുമായിരുന്നു. കുറേ നാളത്തേക്ക് ന്യായാധിപൻ അതു ഗൗനിച്ചില്ല. പിന്നീട്, അവൻ ഇങ്ങനെ ചിന്തിച്ചു: ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല. എങ്കിലും, ഈ വിധവ എന്നെ ശല്യപ്പെടുത്തുന്നതുകൊണ്ടു ഞാനവൾക്കു നീതിനടത്തിക്കൊടുക്കും. അല്ലെങ്കിൽ, അവൾ കൂടെക്കൂടെ വന്ന് എന്നെ അസഹ്യപ്പെടുത്തും. ഇതൊരു ഉപമ മാത്രമാണ്. കർത്താവ് ഈ ഉപമ പറയുന്നത് ഒറ്റ കാര്യം പഠിപ്പിക്കുന്നതിന് വേണ്ടി മാത്രമാണ്. "ഭഗ്നാശനാകാതെ എപ്പോഴും പ്രാർത്ഥിക്കണം" എന്ന് പഠിപ്പിക്കുന്നതിന് വേണ്ടി മാത്രം.

വിധവ പ്രാർത്ഥിക്കുന്നത് ഔദാര്യത്തിന് വേണ്ടിയല്ല. മറിച്ച്, ന്യായത്തിന് വേണ്ടിയാണ്. ഈ പ്രാർത്ഥന കേട്ടില്ലെങ്കിൽ ഒരു പ്രാർത്ഥനയും ദൈവം കേൾക്കാൻ പോകുന്നില്ല!

ഭഗ്നാശനാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നുവച്ചാൽ ജീവിതത്തിൽ ഒരിക്കൽപോലും നിരാശപ്പെടാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നർത്ഥം. ഇന്ന് പ്രാർത്ഥിച്ച് തൊട്ടടുത്ത നിമിഷം പ്രാർത്ഥിച്ച കാര്യം നിവർത്തിച്ച് അനുഗ്രഹം സ്വന്തമാക്കുക എന്നത് പ്രാർത്ഥനയുടെ തത്ത്വമല്ല. ചില പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാൻ നിരാശയില്ലാത്ത ഒരുപാട് വർഷങ്ങളുടെ തഴക്കവും പഴക്കവും ഉണ്ടാകും. ഉദാഹരണത്തിന് കണ്ണുനീരിന്റെ പുത്രനായ വി.അഗസ്റ്റിന്റെ മാനസാന്തരത്തിന് അമ്മയായ മോണിക്കപുണ്ണ്യവതിയും നിരാശയില്ലാത്ത മുപ്പത്തിമൂന്ന് വർഷത്തിന്റെ ജപമണികളിലൂടെയുള്ള യാത്രയുണ്ട്. കർത്താവ് പറയുന്നത് ശ്രദ്ധിക്കുക;

"നീതിരഹിതനായ ആന്യായാധിപൻ പറഞ്ഞതെന്തെന്ന് ശ്രദ്ധിക്കുവിൻ. അങ്ങനെയെങ്കിൽ, രാവും പകലും തന്നെ വിളിച്ചു കരയുന്നതന്റെ തെരഞ്ഞെടുക്കപ്പെട്ട വർക്കു ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ? അവിടുന്ന് അതിനു കാലവിളംബം വരുത്തുമോ? അവർക്കു വേഗം നീതി നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ 18,6-8).

പാതിരാത്രി 3 മണി. നല്ല മഴയും പെയ്യുന്നു. ഒരു വീട്ടിൽ ഭാര്യയും ഭർത്താവും ഉറങ്ങുകയായിരുന്നു . അപ്പോൾ ആ വീട്ടിലെ കതകിൽ ആരോ തട്ടുന്നു ശബ്ദം കേട്ടു ഭർത്താവ് എഴുന്നേറ്റു പോയി കതകുതുറന്നു നോക്കിയപ്പോൾ അവിടെ കുടിച്ച് ലെക്കില്ലാതെ നിൽക്കുന്ന ഒരാളെയാണ് ഗൃഹനാഥൻ കാണുന്നത്.

"സാർ എന്നെ ഒന്ന് സഹായിക്കണം.... ഒന്ന് തള്ളിത്തരണം." ആ

കുടിയൻ പറഞ്ഞു.

"എന്നെക്കൊണ്ട് പറ്റൂല... പാതിരാത്രി 3 മണിക്ക് വന്നിരിക്കുന്നു കുടിച്ച് ലെക്കില്ലാതെ ഈ മഴയത്ത് പൊയ്ക്കോ ഇവിടെനിന്ന്" ഇത്രയും പറഞ്ഞുകൊണ്ട് ഭർത്താവ് കതക് ശക്തിയായി വലിച്ചടച്ചിട്ട് കട്ടിലിൽ പോയി കിടന്നു.

ഭാര്യ ചോദിച്ചു: "ആരായിരുന്നു അവിടെ?"

"ഏതോ ഒരു കുടിയൻ... കാറോ എന്തോ തള്ളി കൊടുക്കാൻ പറഞ്ഞു."

"എന്നിട്ട് നിങ്ങൾ സഹായിച്ചോ...?"

"പിന്നേ... ഈ പാതിരാത്രിയിലാണ് സഹായം... മഴയുംപെയ്യുന്നു... ആരെങ്കിലും പോകുമോ?"

"മൂന്നുമാസം മുൻപ് നമ്മുടെ കാർ കേടായി നടുറോട്ടിൽ കിടന്നപ്പോൾ ആരോ രണ്ടുപേർ നമ്മളെ സഹായിച്ചില്ലേ... ദൈവം കുടിയന്മാരേയും സ്നേഹിക്കുന്നു." എന്നുപറഞ്ഞ് ഭാര്യ കുടിയനെ സഹായിക്കാൻ ഭർത്താവിനെ നിർബന്ധിച്ചു പുറത്തേക്കയച്ചു . മനസ്സില്ലാമനസ്സോടെ ഭർത്താവ് ഉടുപ്പെടുത്തിട്ട് വെളിയിലെ ഇരുട്ടിലേക്ക് പോയി. മഴയും ഇരുട്ടുമായതിനാൽ ഒന്നും കാണാൻ പറ്റുന്നില്ല. ഇരുട്ടിലേക്കു നോക്കി ഭർത്താവ് ഉറക്കെ വിളിച്ചുചോദിച്ചു

"നിങ്ങൾ ഇപ്പോഴും അവിടെയുണ്ടോ....?"

ഇരുട്ടിൽ നിന്നും ഉടനെ വന്നു മറുപടി; "ഞാനിവിടുണ്ട് സാർ"

"അതേ, എന്തോ ഒന്ന് തള്ളിത്തരാമോ എന്ന് ചോദിച്ചില്ലേ... സഹായിക്കാം..."

"അതേ സാർ, ഒന്ന് തള്ളിതന്നാൽ വളരെ ഉപകാരമായിരിക്കും..."

ഗർഭിണിയായ ഭാര്യയെ ആശുപത്രിയിലേയ്ക്ക് കൊണ്ടു പോകുന്നതിനിടയിൽ കോരിച്ചൊരിയുന്ന മഴയിൽ വണ്ടി ഓഫായി പോയതാണ്. അദ്ദേഹത്തെ സഹായിച്ച്, ദൈവം സഹോദരനെ അനുഗ്രഹിക്കട്ടെ എന്നുള്ള വാക്കും കേട്ട് തിരിച്ച് വീട്ടിലേയ്ക്ക് കയറിച്ചെല്ലുമ്പോൾ എന്തെന്നില്ലാത്ത സുഖവും സന്തോഷവും തോന്നി.

**ന്യായാധിപന്റെ മനസ്സ് വിധവ മാറ്റിയെങ്കിൽ അതിനുള്ള കാരണം മടുപ്പില്ലാത്ത യാചന മാത്രമാണ്. പ്രാർത്ഥനയിലും മടുപ്പ് തോന്നരുത്!**

നീതിരഹിതനായിട്ടുള്ള ന്യായാധിപനാകാൻ എളുപ്പമാണ്. പക്ഷെ, നീതിമാനായിട്ടുള്ള ന്യായാധിപനാകാൻ വളരെ കഷ്ടവുമാണ്. ചരിത്രങ്ങൾ പരിശോധിക്കുമ്പോൾ നീതിരഹിതനായിട്ടുള്ള ന്യായാധപനെ ആരും ഓർമ്മിക്കുന്നതായി കാണുന്നില്ല. മറിച്ച്, നീതിയോട്കൂടി മറ്റുള്ളവർക്ക് നന്മ വരണം എന്നുള്ള ലക്ഷ്യത്തോട് കൂടി വർത്തിച്ച ന്യായാധിപൻമാരെ മാത്രമാണ് ചരിത്രം വാഴ്ത്തിയിട്ടുള്ളത്.

വിധവ വന്ന് ന്യായാധിപനെ ബുദ്ധിമുട്ടിച്ച്കൊണ്ടിരുന്നത് ഒറ്റ കാര്യത്തിന് വേണ്ടി മാത്രമാണ്, "അവൾ വന്ന് ന്യായാധിപനോട്, എതിരാളിക്കെതിരേ എനിക്കു നീതി നടത്തിത്തരണമേ എന്നപേക്ഷിക്കുമായിരുന്നു" (ലൂക്കാ 18,3). തികച്ചും, ന്യായമായിട്ടുള്ള കാര്യമാണ് അവൾ ന്യായാധിപനോട് അപേക്ഷിച്ചിരുന്നത്. ചുരക്കത്തിൽ, നാം എപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തണം എന്നുള്ള ഓർമ്മപ്പെടുത്തൽ കൂടി വചനഭാഗത്തിലെ വരികൾക്കിടയിൽ നിന്ന് വായിച്ചെടുക്കാം. നിന്റെ പ്രാർത്ഥനയുടെ വിചാരങ്ങൾ ന്യായമായിട്ടുള്ള കാര്യങ്ങളായിരിക്കണം. ഇന്ന് നമ്മുടെ പ്രാർത്ഥനകൾ ഒന്നും 'റെക്കോർഡ്' ചെയ്ത് കേൾക്കുകയാണെങ്കിൽ ദൈവം പോലും ചിരിക്കുന്നത് കാണാൻ സാധിക്കും. രസകരമായിട്ടുള്ള ഒരു സംഭവം കേട്ടിട്ടുണ്ട്.

സ്ത്രീകളുടെ ഒരു ക്ലാസ് നടക്കുകയായിരുന്നു. അവതാരക എല്ലാവരോടുമായി ഒരു ചോദ്യം ചോദിച്ചു. അവസാനമായ് എപ്പോഴാണ് നിങ്ങൾ ഭർത്താക്കൻമാരോട് "I LOVE YOU" പറഞ്ഞത്?

ഒരാൾ പറഞ്ഞു, "ഇന്നു രാവിലെ...."

മറ്റൊരാൾ, "രണ്ട് ദിവസം മുൻപ്..."

"ഒരാഴ്ച മുൻപ്..." വേറൊരാൾ

അവതാരക തുടർന്നു... ""ഇനി മത്സരം ഇതാണ്. ഇനി എല്ലാവരും ഭർത്താക്കൻമാർക്ക് "I LOVE YOU" എന്ന് മെസ്സേജ് ചെയ്യണം. ഭർത്താവിൽ നിന്നും ഏറ്റവും നല്ല മറുപടി കിട്ടുന്നയാൾക്ക് ഒരു "SURPRISE GIFT" ലഭിക്കുന്നതാണ്."

എല്ലാവരും ഭർത്താക്കൻമാർക്ക് "I LOVE YOU" എന്ന് മെസ്സേജ് ചെയ്ത് മറുപടിക്കായ് കാത്തിരുന്നു.... കുറച്ച് സമയത്തിനുശേഷം അവർക്ക് വന്ന മറുപടികൾ ഇങ്ങനെ ആയിരുന്നു.

ഭർത്താവ് 1 : പ്രിയേ... നിനക്ക് കുഴപ്പമൊന്നുമില്ലല്ലോ?

ഭർത്താവ് 2 : ങേ... ഇന്നും നീ ഭക്ഷണം ഉണ്ടാക്കീലേ.....

ഭർത്താവ് 3 : എന്തുപറ്റി? ഏതു ഷോപ്പിങ് മാളിലാണ്? സാരിയോ...? അതോ, മാലയോ???

ഭർത്താവ് 4: നിന്നോട് എത്ര തവണ പറഞ്ഞു, സീരിയൽ കാണുന്നത് നിർത്താൻ?

ഭർത്താവ് 5 : ആരാ സ്വപ്നം കാണുന്നത്? ഞാനോ ??? നീയോ???

ഭർത്താവ് 6 : ഇവിടെ ഓഫീസിൽ ഭ്രാന്ത് പിടിച്ചിരിക്കുമ്പോഴാണ് അവളുടെ ഒരു "@£@&£&@"

എന്നാൽ, അവസാനത്തേതും സമ്മാനം കിട്ടിയതുമായ മറുപടി ഇതായിരുന്നു...

ഭർത്താവ് 7: ഇതാരാാാ..... എന്റെ ഭാര്യേടെ ഫോണീന്ന് മെസ്സജ് അയക്കുന്നത്????

പലപ്പോഴും ദൈവത്തോട് ചോദിക്കേണ്ട കാര്യങ്ങൾ, പറയേണ്ട കാര്യങ്ങൾ നാം പറയുന്നില്ല. മറിച്ച്, നമ്മുക്ക് ഇഷ്ടമുള്ള ലോകത്ത് നാം യാത്ര ചെയ്യുകയും അതിന് വേണ്ടിയുള്ള കാര്യങ്ങൾ നാം നേടിയെടുക്കാൻ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു. വിധവയെപ്പോലെ ന്യായമായ കാര്യങ്ങൾക്ക് വേണ്ടി ദൈവത്തെ അഭയശിലയാക്കുന്നവർക്ക് ദൈവം അത്താണിയായിരിക്കും. വചനം ഓർമ്മപ്പെടുത്തുന്നു;

"ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും.
അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും.
മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും"

ലൂക്കാ 11,9

"ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം"
1 തിമോ 5,18

ഫാ. ജോബി മേനോത്ത്
+91 944 7777 931